ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:05-04-2024**

## പ്രധാനവാർത്തകൾ

1. **ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന സംസ്ഥാനത്ത് പൂർത്തിയായി ; പത്രിക പിൻവലിക്കാൻ തിങ്കളാഴ്ച വരെ സമയം.**

2. **ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രകടന പത്രിക കോൺഗ്രസ് പുറത്തിറക്കി ; സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ.**

3. **അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ധനനയം പ്രഖ്യാപിച്ചു.**

4. **സംസ്ഥാനത്തെ സിബിഎസ്ഇ , ഐസിഎസ്ഇ സ്കൂളുകൾക്ക് വെക്കേഷൻ ക്ലാസ് നടത്താൻ ഹൈക്കോടതി ഉപാധികളോടെ അനുമതി നൽകി.**

5. **ഐപിഎല്ലിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - ചെന്നൈ സൂപ്പർ കിങ്സ് പോരാട്ടം ; ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഗോവ എഫ് സി - ഹൈദരാബാദിനെ നേരിടും.**

RNU TVPM

**********************

## സൂക്ഷ്മ പരിശോധന

ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന സംസ്ഥാനത്ത് പൂർത്തിയായി. രണ്ടാംഘട്ടത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന 12 സംസ്ഥാനങ്ങളിലാണ് ഇന്ന് പത്രികകളുടെ സൂക്ഷ്മപരിശോധന നടന്നത്. ഏപ്രിൽ എട്ട് വരെയാണ് പത്രിക പിൻവലിക്കുന്നതിനുള്ള സമയം.

**********************

## സൂക്ഷ്മ പരിശോധന - കേരളം

തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ ഇന്ന് നടന്ന സൂക്ഷ്മപരിശോധനയ്ക്കു ശേഷം 13 സ്ഥാനാർത്ഥികളും ആറ്റിങ്ങൽ മണ്ഡലത്തിൽ ഏഴ് സ്ഥാനാർത്ഥികളുമാണ് മത്സരരംഗത്തുള്ളത്. തിരുവനന്തപുരത്ത് 9 പേരുടെയും ആറ്റിങ്ങലിൽ ഏഴ് പേരുടെയും പത്രിക തള്ളി. കൊല്ലം മണ്ഡലത്തിൽ ഇന്ന് നടന്ന സൂക്ഷ്മപരിശോധനയിൽ 12 സ്ഥാനാർത്ഥികൾ യോഗ്യത നേടിയെന്ന് ജില്ലാ കലക്ടർ അറിയിച്ചു. ആലപ്പുഴ മണ്ഡലത്തിൽ 11 സ്ഥാനാർഥികളും മാവേലിക്കര മണ്ഡലത്തിൽ 10 സ്ഥാനാർഥികളുമാണ് സൂക്ഷ്മപരിശോധന പൂർത്തിയായപ്പോൾ രംഗത്തുള്ളത്. പത്തനംതിട്ട മണ്ഡലത്തിൽ സമർപ്പിക്കപ്പെട്ട 24 പത്രികകളുടെ സൂക്ഷ്മ പരിശോധനയിൽ 17 എണ്ണം അംഗീകരിച്ചു. തൃശൂർ ലോകസഭാ മണ്ഡലത്തിൽ ഇന്ന് 5 പത്രികകൾ തള്ളിയതോടെ മത്സരരംഗത്തുള്ള സ്ഥാനാർത്ഥികളുടെ എണ്ണം 10 ആയി. പാലക്കാട് ജില്ലയിൽ ആലത്തൂർ, പാലക്കാട് ലോക്സഭാ മണ്ഡലങ്ങളിലായി 16 സ്ഥാനാർത്ഥികൾ മത്സര രംഗത്തുണ്ട് .

കോഴിക്കോട്, വടകര ലോക്സഭ മണ്ഡലങ്ങളിൽ സൂക്ഷ്മപരിശോധന പൂർത്തിയായപ്പോൾ അഞ്ചു പേരുടെ പത്രികകളാണ് തള്ളിയത്. ഇതോടെ കോഴിക്കോട് ലോക്സഭ മണ്ഡലത്തിൽ 13 ഉം വടകരയിൽ 11 ഉം സ്ഥാനാർഥികളാണ് മത്സരിക്കുക. കണ്ണൂർ മണ്ഡലത്തിൽ ലഭിച്ച 18 നാമനിർദേശ പത്രികകളിൽ മൂന്ന് എണ്ണം സൂക്ഷ്മ പരിശോധനയിൽ തള്ളി. ഇതോടെ മത്സര രംഗത്തുള്ള സ്ഥാനാർഥികളുടെ എണ്ണം 12 ആയി. ഇടുക്കി ലോക്സഭാ മണ്ഡലത്തിൽ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ എട്ട് സ്ഥാനാർത്ഥികൾ ആണ് മത്സര രംഗത്ത് ഉള്ളത്. എറണാകുളം ലോക്സഭാ മണ്ഡലത്തിൽ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ 10 സ്ഥാനാർഥികൾ മത്സരരംഗത്തുണ്ട്. ചാലക്കുടി മണ്ഡലത്തിൽ ഒരു പത്രിക തള്ളിയതോടെ മത്സര രംഗത്തുള്ള സ്ഥാനാർത്ഥികളുടെ എണ്ണം 12 ആയി. മലപ്പുറത്ത് 10 സ്ഥാനാർഥികളുടെയും പൊന്നാനിയിൽ 8 സ്ഥാനാർഥികളുടെയും നാമനിർദേശ പത്രികകളാണ് സ്വീകരിച്ചത്. വയനാട് മണ്ഡലത്തിൽ പത്രിക നൽകിയ മുഴുവൻ സ്ഥാനാർത്ഥികളുടെയും പത്രിക അംഗീകരിച്ചു. 10 മത്സരാർത്ഥികളാണ് മത്സരരംഗത്തുള്ളത്. കാസർകോട് ലോക്സഭാ മണ്ഡലത്തിൽ മത്സര രംഗത്ത് ഒൻപത് സ്ഥാനാർത്ഥികൾ ആണുള്ളത് 13 പത്രികകളാണ് ഇവിടെ ലഭിച്ചിരുന്നത്.

***********************

## കോൺഗ്രസ് പ്രകടന പത്രിക

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രകടനപത്രിക കോൺഗ്രസ് പുറത്തിറക്കി. രാജ്യത്തെ എല്ലാ ദരിദ്ര കുടുംബങ്ങൾക്കും പ്രതിവർഷം ഒരു ലക്ഷം രൂപാ ധനസഹായം, 400 രൂപ മിനിമം ദിവസക്കൂലി, കേന്ദ്രസർക്കാർ ജോലികളിൽ സ്ത്രീകൾക്ക്

PNU TVPM

50 ശതമാനം സംവരണം, വിളകളുടെ താങ്ങുവിലയ്ക്ക് നിയമപരിരക്ഷ, ദേശീയ തലത്തിൽ ജാതി സെൻസസ് തുടങ്ങിയവ പത്രിക വാഗ്ദാനം ചെയ്യുന്നു. തിരഞ്ഞെടുപ്പ് ബോണ്ട് വിഷയത്തിൽ അന്വേഷണം നടത്തുമെന്നും പത്രികയിൽ പറയുന്നുണ്ട്. 25 ലക്ഷം രൂപ വരെ പണരഹിത ആരോഗ്യ ഇൻഷുറൻസ്, കേന്ദ്ര സർക്കാരിലെ 30 ലക്ഷത്തോളം ഒഴിവ് നികത്തൽ, സർക്കാർ ജോലികളിലേക്കുള്ള പരീക്ഷകളുടെ അപേക്ഷാഫീസ് നിർത്തലാക്കൽ എന്നിവയും പത്രിക ഉറപ്പുനൽകുന്നു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെ, മുതിർന്ന കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, പി ചിദംബരം, രാഹുൽ ഗാന്ധി, കെസി വേണുഗോപാൽ എന്നിവർ ചേർന്നാണ് പത്രിക പുറത്തിറക്കിയത്.

RNU TVPM

**********************

<u>മണ്ഡലങ്ങളിലൂടെ...എറണാകുളം..(ഇൻട്രോ)</u>

നാമനിർദ്ദേശ പത്രികാ സമർപ്പണം പൂർത്തിയായതോടെ സംസ്ഥാനത്ത് സ്ഥാനാർത്ഥികൾ പ്രചാരണത്തിരക്കിലേക്ക് കടന്നു. എറണാകുളത്ത് സജീവ മണ്ഡലപര്യടനത്തിനൊപ്പം മുൻനിര നേതാക്കളെ രംഗത്തെത്തിച്ച് ആവേശകരമായ പോരാട്ടത്തിന് അരങ്ങൊരുക്കുകയാണ് മുന്നണികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊച്ചി ലേഖകൻ രാജ്മോഹൻ......**

(വോയ്സ്)

**********************

<u>പത്രിക തള്ളി - കോട്ടയം</u>

കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ സ്ഥാനാർത്ഥികളായി നോമിനേഷൻ നൽകിയ രണ്ട് അപരന്മാരുടെ പത്രിക തള്ളി. യുഡിഎഫ് സ്ഥാനാർത്ഥി ഫ്രാൻസിസ് ജോർജിന്റെ അപരന്മാരുടെ പത്രികകളായാണ് അപാകതകൾ പരിഗണിച്ച് തള്ളിയത്. നാമനിർദ്ദേശ പത്രികയിൽ പിൻതാങ്ങിയവരുടെ ഒപ്പുകൾ വ്യാജമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. വ്യാജ രേഖ ചമച്ച് തിരഞ്ഞെടുപ്പ് കമ്മീഷനെ കബളിപ്പിക്കാൻ ശ്രമിച്ച ഇരുവർക്കുമെതിരെ കേസെടുക്കണമെന്ന് യുഡിഎഫ് ആവശ്യപ്പെട്ടു.

**********************

## ആർ. ബി. ഐ

അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ദ്വൈമാസ ധനനയം പ്രഖ്യാപിച്ചു. റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരും. തുടർച്ചയായി ഏഴാം തവണയാണ് ആർ.ബി.ഐ ബാങ്കിങ്ങ് നിരക്കുകൾ മാറ്റമില്ലാതെ നിലനിർത്തുന്നത്.

RNUTVPM

**********************

## വെക്കേഷൻ ക്ലാസ്

സംസ്ഥാനത്തെ സിബിഎസ്ഇ , ഐസിഎസ്ഇ സ്കൂളുകൾക്ക് വെക്കേഷൻ ക്ലാസ് നടത്താൻ ഹൈക്കോടതി ഉപാധികളോടെ അനുമതി നൽകി. രാവിലെ 7.30 മുതൽ 10. 30 വരെ വെക്കേഷൻ ക്ലാസുകൾ നടത്താൻ അനുവദിച്ചുകൊണ്ട് ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് അബ്ദുൽ ഹക്കീം എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു. ഗവൺമെൻറ് സ്കൂളുകളിൽ വെക്കേഷൻ ക്ലാസുകൾ ആവശ്യമെങ്കിൽ പ്രത്യേക ഉത്തരവ് ഇറക്കി ക്ലാസുകൾ നടത്താമെന്നും ഹൈക്കോടതി വ്യക്തമാക്കി. കൗൺസിൽ ഓഫ്

സിബിഎസ്ഇ സ്കൂൾസ് കേരള സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതി ഉത്തരവ്.

**********************

## ശിവൻകുട്ടി

രാഷ്ട്രീയ ബന്ധമുള്ള സംഘടനകൾക്കും വ്യക്തികൾക്കും സൈനിക സ്കൂളുകളുടെ നടത്തിപ്പ് ചുമതല നൽകുന്നത് ആ സ്ഥാപനങ്ങളുടെ നിഷ്പക്ഷതയെയും സ്വയംഭരണാധികാരത്തെയും ബാധിക്കുമെന്ന് ചൂണ്ടിക്കാട്ടി മന്ത്രി വി.ശിവൻകുട്ടി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന് കത്തയച്ചു. സൈനിക സ്കൂളുകൾ ഭാവിയിലെ പ്രതിരോധ ഉദ്യോഗസ്ഥരെ വാർത്തെടുക്കുന്ന സ്ഥാപനങ്ങളാണെന്നും, അവയെ ഒരു തലത്തിലും രാഷ്ട്രീയവൽക്കരിക്കരുതെന്നും കത്തിൽ പറയുന്നു.

RNU TVPM

**********************

## കേരള സ്റ്റോറി

കേരള സ്റ്റോറി എന്ന ചിത്രം ദൂരദർശനിൽ ഇന്ന് പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിവാദം സംസ്ഥാനത്ത് തുടരുന്നു. കേരളത്തിനെതിരെ വിദ്വേഷ പ്രചാരണം ലക്ഷ്യമാക്കി നിർമ്മിച്ച ഈ ചിത്രം പ്രദർശിപ്പിക്കുമെന്ന തീരുമാനത്തിൽ നിന്ന് ദൂരദർശൻ അടിയന്തരമായി പിൻതിരിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. സെൻസർ ബോർഡ് പ്രദർശനാനുമതി നൽകിയ ചിത്രമാണ് ഇതെന്നും കലാകാരന്റെ വീക്ഷണമാണ് ചിത്രത്തിൽ ഉള്ളതെന്നും കേന്ദ്രസഹമന്ത്രി വി.മുരളീധരൻ പ്രതികരിച്ചു. സിനിമയുടെ സംപ്രേക്ഷണം വിലക്കണമെന്ന് ആവശ്യപ്പെട്ട്

പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ തിരഞ്ഞെടുപ്പ് കമ്മീഷന് കത്ത് നൽകി.

**********************

## മദ്രസാ വിദ്യാഭ്യാസ നിയമം

ഉത്തർ പ്രദേശ് മദ്രസാ വിദ്യാഭ്യാസ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ച അലഹബാദ് ഹൈക്കോടതി വിധി സ്റ്റേ ചെയ്ത് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢ് അധ്യക്ഷനായ മൂന്നംഗ ബഞ്ചിൻ്റേതാണ് നടപടി. യുപി മദ്രസാ വിദ്യാഭ്യാസ നിയമം മതേതരത്വ സങ്കൽപ്പത്തിന് എതിരാണെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു ഹൈക്കോടതി ഉത്തരവ്. കേസിൽ ഉത്തർ പ്രദേശ് സർക്കാരിന് സുപ്രീംകോടതി നോട്ടീസ് അയച്ചു.

RNU TVPM

**********************

## കോഴിക്കോട് - വീണ ജോർജ്

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസിയു സംഭവത്തിൽ അതിജീവിതയ്ക്ക് നീതി ഉറപ്പാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അന്വേഷണ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച സീനിയർ നഴ്സിംഗ് ഓഫീസർ ഉൾപ്പെടെയുള്ളരുടെ കാര്യത്തിൽ കോടതിയുടെ തീർപ്പനുസരിച്ച് തീരുമാനമെടുക്കുമെന്നും മന്ത്രി അറിയിച്ചു. ഐസിയുവിൽ വെച്ച് കഴിഞ്ഞ വർഷം മാർച്ച് 18 ന് യുവതി പീഡനത്തിനിരയായ സംഭവത്തിലാണ് മന്ത്രിയുടെ പ്രതികരണം .

**********************

## ബോംബ് സ്ഫോടനം

തലശേരി പാനൂർ പൊലിസ് സ്റ്റേഷൻ പരിധിയിലെ മുളിയാതോടിൽ ഉണ്ടായ ബോംബ് സ്ഫോടനത്തിൽ പരിക്കേറ്റ ഒരാൾ മരിച്ചു. ചെണ്ടയാട് കാട്ടിൻറവിടെ ഷറിൻ ആണ് മരിച്ചത്. സംഭവത്തിൽ പരിക്കേറ്റ മൂന്നുപേരിൽ ഒരാളുടെ നില ഗുരുതരമാണ്. ബോംബ് നിർമാണത്തിനിടെയാണ് ഇന്ന് പുലർച്ചെ സ്ഫോടനം ഉണ്ടായതെന്ന് പോലീസ് പറഞ്ഞു. സംഭവത്തിൽ സിപിഐം ബന്ധമാരോപിച്ച ബിജെപി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് ഇത് സംബന്ധിച്ച പരാതി നൽകുമെന്ന് വ്യക്തമാക്കി.

*********************

## ഐ പി എൽ

RNUTVPM

ഐപിഎല്ലിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - ചെന്നൈ സൂപ്പർ കിങ്സ് പോരാട്ടം . ഹൈദരാബാദിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഒരു തോൽവിയും രണ്ടു വിജയവുമായി നിലവിൽ പോയിൻറ് പട്ടികയിൽ മൂന്നാമതാണ് ചെന്നൈ. ഹൈദരാബാദ് പട്ടികയിൽ ഏഴാം സ്ഥാനത്താണ്.

*********************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഗോവ എഫ് സി - ഹൈദരാബാദ് എഫ് സി യെ നേരിടും. ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം

*********************

കാലാവസ്ഥ

സംസ്ഥാനത്ത് ചൂട് തുടരുന്നു. കൊല്ലം, പാലക്കാട് ജില്ലകളിൽ താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. തൃശൂരിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഇന്ന് വേനൽ മഴയ്ക്കും സാധ്യതയുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

************************************************************************************************************

RNUTVPM